വിദ്യാഭ്യാസവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. ചന്ദ്രശേഖരൻ) : സർ, റസാഷ്യൽ സർവീസ് എന്ന 6-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 1990 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ)

സർ, ഭക്ഷ്യവും ഭവനനിർമ്മാണവും തൊഴിലും സംബന്ധിച്ച ഏഴാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 1990 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

ധനകാര്യ വകുപ്പു മന്ത്രി (ശ്രീ. വി. വിശ്വനാഥമേനോൻ) : സർ, സാമ്പത്തിക കാര്യങ്ങളും സംബന്ധിച്ച എട്ടാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 1990 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

സഹകരണ–ഫിഷറീസ് വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ, തദ്ദേശസ്വയംഭരണം സംബന്ധിച്ച ഒൻപതാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 1990 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ആഭ്യന്തര കാര്യങ്ങളും സംബന്ധിച്ച പത്താം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 1990 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

ക്രമപ്രശ്നം

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, റൂൾ 154 അനുസരിച്ച് ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. A member may, with the consent of the Speaker raise a question involving a breach of privilege either of a member, or of the Assembly or of a Committee thereof.

മി. സ്പീക്കർ : ഇതിൽ ഒരു പോയിന്റ് ഓഫ് ഓർഡറുമില്ല. All those matters will be discussed and will be dealt with today ; that is the last day.

V റൂൾ 300 അനുസരിച്ചുള്ള പ്രസ്താവന

ലോകസഭാ തെരഞ്ഞെടുപ്പിനോടൊപ്പം കേരള നിയമസഭയിലേക്കും തെരഞ്ഞെടുപ്പ് നടത്താനുള്ള ശുപാർശ

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : 1991 മേയ് മാസം നടക്കുന്ന ലോകസഭാ തെരഞ്ഞെടുപ്പിനോടൊപ്പംകേരള നിയമസഭാതെരഞ്ഞെടുപ്പു നടത്താൻ സംസ്ഥാന ഗവൺമെന്റ് ചീഫ് ഇലക്ഷൻ കമ്മിഷനോട് ശുപാർശ ചെയ്തിട്ടുണ്ട് എന്ന വിവരം സഭയെ അറിയിച്ചുകൊള്ളുന്നു. ഈ വിവരം ഗവർണ്ണറെയും അറിയിച്ചിട്ടുണ്ട്.

ശ്രീ. കെ. എം. മാണി : സർ, ...(ബഹളം).....

ബഹു : സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാ നടപടികളിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ബഹളം

മി. സ്പീക്കർ : Nobody can make any reference..... ..No..... .. No... ..Nothing can be said.

ഇതുസംബന്ധിച്ച ഒരു പരാമർശവും അനുവദിക്കുന്നതല്ല. ഇതിനെ സംബന്ധിച്ച് ഇവിടെ പറയുന്ന പരാമർശങ്ങളൊന്നും രേഖയിൽ ഉണ്ടാവുകയില്ല, പത്രങ്ങളിലും കൊടുക്കാൻ പാടില്ല.

എട്ടാം കേരള നിയമസഭയെ സംബന്ധിച്ച വിലയിരുത്തൽ

മി. സ്പീക്കർ : എട്ടാം കേരള നിയമസഭയുടെ പ്രവർത്തനങ്ങൾ ഇന്നത്തോടുകൂടി സമാപിക്കുകയാണ്. കഴിഞ്ഞ 4 വർഷത്തെ പ്രവർത്തനങ്ങളിലേക്ക് തിരഞ്ഞുനോക്കുമ്പോൾ വളരെ സജീവമായ ഒരു ചിത്രമാണ് നമ്മുടെ മുമ്പിൽ തെളിഞ്ഞുവരുന്നത്.

1987 മാർച്ച് 25-ാം തീയതി രൂപീകരിക്കപ്പെട്ട എട്ടാം കേരള നിയമസഭ ആദ്യയോഗം ചേർന്നത് 1987 മാർച്ച് 28-ാം തീയതിയാണ്. അന്നു മുതൽ ഇന്നുവരെയുള്ള നാലു വർഷത്തിനിടയിൽ സഭ 311 ദിവസം യോഗം ചേരുക ഉണ്ടായി. ഇതിനുപുറമേ ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിന്റെ 40-ാം വാർഷികം ആഘോഷിക്കുവാൻ ഒരു പ്രത്യേക സമ്മേളനം കൂടുകയും ചെയ്തു. 1800-ൽപ്പരം മണിക്കൂറുകൾ സഭാനടപടികൾക്കായി നാം ഈ സഭയിൽ, ചെലവഴിച്ചിരിക്കുന്നു. (ഏഴാം കേരള നിയമസഭ അഞ്ചു വർഷത്തിനുള്ളിൽ 249 ദിവസംകൂടി, 1400 മണിക്കൂറുകളാണ് സഭാനടപടികൾക്ക് ചെലവഴിച്ചിട്ടുള്ളത്). കുറഞ്ഞ വർഷങ്ങൾകൊണ്ട് ഇത്രയും കൂടുതൽ സഭാനടപടികൾ പൂർത്തിയാക്കുവാൻ കഴിഞ്ഞത് ഈ സഭയുടെ ഒരു പ്രത്യേകതയാണ്.

1988 ആഗസ്റ്റ് മാസം 21-ാം തീയതികൊണ്ട് ആരംഭിച്ച കേരള നിയമസഭയുടെ ശതാബ്ദിയും നാം വളരെ സമുചിതമായ നിലയിൽ ഒരു വർഷക്കാലം ആഘോഷിക്കുകയുണ്ടായി. ശതാബ്ദി ആഘോഷങ്ങൾ ഇൻഡ്യയുടെ ഉപരാഷ്ട്രപതി ഉൽഘാടനം ചെയ്യുകയും മുൻരാഷ്ട്രപതി ശ്രീ. എൻ. സഞ്ജീവറെഡ്ഡി സമാപന പ്രസംഗം നടത്തുകയുമുണ്ടായി. ബഹുമാനപ്പെട്ട അംഗങ്ങളുടെ കായിക മൽസരങ്ങൾ, സെമിനാറുകൾ എന്നിവ ശതാബ്ദിയാഘോഷത്തിന്റെ പ്രത്യേകതകളായിരുന്നു. ഇൻഡ്യൻ നിയമസഭകളുടെ ചരിത്രത്തിൽ ഏറ്റവും ബൃഹത്തെന്ന് വിശേഷിപ്പിക്കപ്പെടാവുന്ന ഒരു സ്മരണിക ഈ ശതാബ്ദി പ്രമാണിച്ച് നാം പുറത്തിറക്കുകയുണ്ടായി. മൺമറഞ്ഞുപോയ ആയിരത്തിലധികം ജനപ്രതിനിധികളുടെയും ജീവിച്ചിരിക്കുന്ന ആയിരത്തിലധികം ജനപ്രതിനിധികളുടെയും ചിത്രങ്ങളും, നൂറു വർഷത്തിനിടയിലുണ്ടായിട്ടുള്ള ചരിത്ര സംഭവങ്ങളുടെ പശ്ചാത്തലമടങ്ങിയ ഫോട്ടോ ചിത്രങ്ങളും ഉൾക്കൊള്ളുന്ന പ്രസ്തുത ഗ്രന്ഥം പാർലമെന്ററി ജനാധിപത്യത്തെ സംബന്ധിച്ചിടത്തോളം വളരെ വിലപ്പെട്ട ഒരു രേഖയാണ്.

സഭയുടെ എല്ലാ പ്രവർത്തനങ്ങളും മുൻകാലങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ വളരെ വർദ്ധിച്ച തോതിലാണ് നടന്നിരിക്കുന്നത്. നിയമനിർമ്മാണ നടപടികൾക്കായാലും പ്രധാനപ്പെട്ട മറ്റു നടപടികൾക്കായാലും ആവശ്യമായത്ര സമയം വിനിയോഗിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. നിയമനിർമ്മാണ നടപടികളുമായി തുടർച്ചയായി പതിനെട്ടു മണിക്കൂറോളം നീണ്ടുപോയ ഒരു സിറ്റിംഗ് അപൂർവ്വമായ ഒരനുഭവമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly